**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4160** **28-10-2021 - ൽ മറുപടിയ്ക്ക്**

**കായണ്ണ ജി .എച്ച്.എസ്.എസ്. ന് സ്കൂൾ വാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2018-19 വർഷത്തിൽ ബാലുശ്ശേരി മുൻ എം.എൽ.എ കായണ്ണ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനും, ഒള്ളൂർ G L P സ്കൂളിനും വാഹനം അനുവദിച്ചിട്ടും കായണ്ണ G.H.SS ന് മാത്രം വാഹനം നൽകാൻ കഴിയാത്തത് പരിഹരിക്കുന്നതിന് ഭരണ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 5-10-2018 ന് മുൻ എം.എൽ.എ രണ്ട് സ്കൂളുകൾക്കും, ബസ്സ് അനുവദിക്കാൻ നിർദ്ദേശിച്ചിട്ടും കായണ്ണ G.H.SS ന് മാത്രം ബസ്സ് അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | കായണ്ണ ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂളിന് വാഹനം വാങ്ങുന്നതിനായി ഫണ്ടിന്റെ അപര്യാപ്തത ഭരണവകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പിൽ നിന്ന് 28/2/2020 ലെ ജി.ഒ(ആർ.ടി) നം.1689/2020/ഫിൻ പ്രകാരം അധിക ധനാനുമതി അനുവദിച്ചു. തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത വാഹനം വാങ്ങുന്നതിന് എത്ര തുകയാണ് അനുവദിച്ചിരുന്നത്; ഇപ്പോൾ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുകയുള്ളത് എന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത വാഹനം വാങ്ങുന്നതിന് 15,00,000/- രൂപ 4202-01-800-84 എന്ന ശീർഷകത്തിലാണ് അനുവദിച്ചത്. ഈ വർഷവും മേൽപറഞ്ഞ ശീർഷകത്തിൽ നിന്നു തന്നെയാണ് തുക അനുവദിയ്ക്കുന്നത്. |
| (സി) | പ്രസ്തുത സ്കൂളിന് വാഹനം വാങ്ങുന്നതിനായി അധിക തുക 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ കഴിയുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 2020-21 സാമ്പത്തിക വർഷം അധിക ധനാനുമതിയിൽ കൂടി അനുവദിച്ച തുക ഉപയോഗിച്ച് ബസ് വാങ്ങാൻ സാധിച്ചിട്ടില്ലായെങ്കിൽ വീണ്ടും ഫണ്ടിനായി ഭരണവകുപ്പ് ശുപാർശ ചെയ്യുന്നപക്ഷം ധനവകുപ്പ് 2021-22 സാമ്പത്തികവർഷത്തെ ഫണ്ടിൽ നിന്ന് തുക അനുവദിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ